# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 308 10.12.2012 -ൽ മറുപടിയ്ക്ക്

## പോലീസ് സ്റ്റേഷന്റെ അധികാര പരിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കെ. നാരായണൻ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സർക്കാർ അധികാരമേറ്റ ശേഷം, കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്ക് പുറത്തുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന് അന്വേഷണ ചുമതല കൈമാറുകയുണ്ടായിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) എങ്കിൽ എന്തെല്ലാം കേസുകളിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ; | (ബി) സങ്കീർണ്ണമോ, നീചമോ, പ്രമാദമോ, പ്രത്യേക പ്രാധാന്യമുള്ളതോ ആയ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് പ്രത്യേക യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ക്രമീകരണങ്ങൾ നടത്തുന്നതിനും കേരള പോലീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരമാണ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്കു പുറത്തുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന പോലീസ് മേധാവിയും, റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽമാരുമാണ് പ്രധാനമായും ഇപ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണത്തിന് പ്രാപ്തരും അനുയോജ്യരും ആയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് ഇപ്രകാരം ടീമുകൾ രൂപീകരിച്ചിട്ടുള്ളത്. 225 കേസുകൾ ഇത്തരത്തിൽ അന്വേഷണം നടത്തി വരുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 12 |
| പത്തനംതിട്ട | 11 |
| ആലപ്പുഴ | 13 |
| കോട്ടയം | 8 |
| ഇടുക്കി | 3 |
| എറണാകുളം | 26 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 0 |
| മലപ്പുറം | 3 |
| കോഴിക്കോട് | 19 |

| | |
|---|---|
| വയനാട് | 103 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 15 |
| ആകെ | 225 |

| | |
|---|---|
| (സി) ഇത്തരത്തിൽ അധികാര പരിധിക്ക് പുറത്തുള്ളവർക്ക് അന്വേഷണ ചുമതല കൈമാറാൻ ഡി. ജി. പി. ക്ക് അധികാരമില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളതായി സർക്കാരിനറിയാമോ യെന്നറിയിക്കുമോ ? | (സി) ഒരു കേസിൽ ബഹു. കേരള ഹൈക്കോടതി ഇപ്രകാരം നിരീക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ